# God's plan to prosper (Jere:29:11)

## (ശുഭഭാവി - ദൈവീകദാനം- യിരെ:29:11)

**Week -4**




ചെറിയ പ്രായത്തിൽ തന്നെ മദ്യപാനിയും ദുർമ്മാർഗ്ഗിയുമായിരുന്നു അഗസ്റ്റിൻ. അവന്റെ മാതാവ് മോണിക്ക പ്രാർത്ഥനാശീലമുള്ള ഒരു മാതാവായിരുന്നു. തന്റെ മകന്റെ രൂപാന്തരം അവൾ ദൈവമുമ്പാകെ സമർപ്പിച്ച് കാത്തിരുന്നു. ഒരിക്കൽ റോമിലേക്കവൻ പോകുവാൻ തയ്യാറാകുന്നതിനെപ്പറ്റി അറിഞ്ഞ അമ്മ അത് മുടങ്ങുവാനായി പ്രാർത്ഥിച്ചു. എന്നാൽ അവൻ റോമിലേക്ക് പോകുകതന്നെ ചെയ്തു. ഇത് മാതാവിനെ ദു:ഖിതയാക്കി.ദൈവം തന്റെ പ്രാർത്ഥന കേട്ടില്ലല്ലോ എന്നോർത്ത് അവൾ ഭാരപ്പെട്ടു. മാതാവിന്റെ പ്രാർത്ഥന കേട്ട ദൈവം അഗസ്റ്റിനുവേണ്ടി ഒരാളെ റോമിലേക്കയച്ചിരുന്നു.വേദപണ്ഡിതനും , വിശുദ്ധനുമായ അംബ്രോസിനെ തുറമുഖത്തുവച്ച് കാണുകയും രണ്ടുപേരും പരിചയപ്പെട്ട് ഒരുമിച്ച് ഹോട്ടലിലേക്ക് പോകുകയും ചെയ്തു. അംബ്രോസിന്റെ സംസാരവും പെരുമാറ്റവും അഗസ്റ്റിനെ ആകർഷിച്ചു. അഗസ്റ്റിൻ തന്റെ ജീവിതശൈലിയിൽ ക്രമേണമാറ്റം വരുത്തുകയുംAD387 ൽ അംബ്രോസിന്റെ കൈക്കീഴിൽ സ്നാനം ഏല്ക്കുകയും ചെയ്തു. ദൈവീക നിരൂപണങ്ങൾ നമുക്ക് ശുഭഭാവി തരുന്നതാണ്. അവ തിൻമയ്ക്കല്ല നന്മയ്ക്കത്രേ എന്ന് അഗസ്റ്റിന്റെ മാതാവ് മനസ്സിലാക്കി.

### ശുഭഭാവിക്കുള്ള അഞ്ച് വഴികൾ (സങ്കീ:119:26-32)

### 1.എന്റെ വഴികൾ (My ways) (സങ്കീ:119:26)

ജീവിതത്തിലുണ്ടായ തകർച്ചയുടെ വഴികളെപ്പറ്റി ദൈവത്തോട് ഒരാൾ വിവരിക്കുമ്പോൾ ആ തകർച്ചയെ മാറ്റുവാൻ ഉള്ളത്തോട് സംസാരിക്കുന്നദൈവത്തെ നമുക്കു കാണാം.Read ലൂക്കോ :(15:17-20) സുബോധം വന്നപ്പോഴാണ് അപ്പന്റെ സനേഹത്തെയും ഭവനത്തെയും പറ്റി അവൻ ഓർത്തത്. അപ്പോൾ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ

പോകുവാനും തന്റെ തകർന്ന ജീവിതത്തെ ഏറ്റു പറയുവാനും തീരുമാനിച്ചത്.

**(2) പ്രമാണങ്ങളുടെ വഴി (The way of precepts) സങ്കീ:119:27)**

ഇത് ദൈവത്തിന്റെ വഴിയാണ്. നാം തെറ്റ് ഏറ്റുപറഞ്ഞാൽ അവൻ ഉത്തരമരുളും. ആ വചനം ഏറ്റെടുത്താൽ മാത്രമേഹൃദയത്തിൽ സംഗ്രഹിച്ച് പഴയവഴി ഉപേക്ഷിച്ച് പുതിയവഴിയിൽ യാത്രചെയ്യുവാൻ കഴിയുകയുള്ളൂ.Read സങ്കീ:(37:31),ലൂക്കോ :(19:5-8) യോശുവ(5:13),(6:3-5)

**(3) ഭോഷ്കിന്റെ വഴി (The Deceitful ways) സങ്കീ:(119:29)**

ഇത് പിശാചിന്റെ വഴിയാണ് പാപത്തിന്റെ വഴി ഭോഷ്കിൽ നിന്നാണ് ആരംഭിക്കുന്നത്. ഈ ലോകത്തിന്റെ ജ്ഞാനം ദൈവസന്നിധിയിൽ ഭോഷത്വമത്രേ. ഭോഷൻ ഭോഷത്വം സംസാരിക്കുന്നു. വചനം കേൾക്കുവാൻ മനസ്സില്ലാത്തവർ ഭോഷ്കിന്റെ (പിശാചിന്റെ )മക്കളാണ്. ദൈവവഴിയെ നടക്കുവാൻ ആഗ്രഹിക്കുന്നവന് ഭോഷ്കിന്റെ വഴി ഉപേക്ഷിപ്പാൻ കൃപ ലഭിക്കുന്നു.

Read യോഹ: (8:44-47)

**(4) വിശ്വസ്തതയുടെ വഴി (The way of Truth) -സങ്കീ (119:30)**

സത്യത്തിന്റെ വഴി തിരഞ്ഞെടുപ്പാനുള്ള അധികാരം നമുക്കു തന്നെയാണ്.ഉദാ: മറിയ നല്ല അംശം തിരഞ്ഞെടുത്തു ലൂക്കോ :(10:39,42) ജീവിതത്തിലൊരു തിരഞ്ഞെടുപ്പിന്റെ സമയമാണിതെന്ന് മറക്കരുത്. സമയം പാഴാക്കാതെ അതിനൊരുങ്ങുക.

**(5)The Path of Lord's Commands (കല്പനകളുടെ വഴി സങ്കീ119:32)**

പഴയ അവസ്ഥ പൊടിയോട് പറ്റിയത് അഥവാ ദു:ഖത്തിന്റെ , മരണത്തിന്റെ, നിരാശയുടെ അവസ്ഥയാണ്.എന്നാൽ തിരുവചനം ജീവിപ്പിക്കുന്നതാണ്. വചനത്തിന്റെ വഴികൾ ഏറ്റെടുത്ത് ആ വഴിയിൽ നടക്കുവാൻ തീരുമാനിച്ചാൽ ഹൃദയം ശരിയാകുകയും കാലുകൾ ഓടിത്തുടങ്ങുകയും ചെയ്യും. നല്ല ഓട്ടം ഓടുന്നവർക്ക് ശുഭഭാവി കരസ്ഥമാക്കുവാനും കഴിയും.

**പ്രാർത്ഥന**

സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക് സമീപസ്ഥനായ ദൈവമേ ! ഞങ്ങളുടെ അപേക്ഷകൾ കേട്ട് കുറവുകളെ ക്ഷമിച്ച് കല്പനകളുടെ വഴിയെ വിശ്വസ്തരായി മുൻപോട്ടുപോകുവാൻ കൃപ ചെയ്യേണമേ. യേശുവിന്റെ നാമത്തിൽ തന്നേ, ആമേൻ.

Santhamma Varghese